

कृषि मित कृषस्व

# ഭാരതീയ കിസാൻ സംഘ്

## കേരളം



"സ്വാഭിമാന കർഷകൻ സ്വാവലംബി ഭാരതം"

कृषि मित कृषस्व

ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയേതര സ്വതന്ത്ര കർഷക പ്രസ്ഥാനമായ ഭാരതീയ കിസാൻ സംഘ് 1979– ലാണ് സ്ഥാപിതമായത്. കർഷകർക്കു വേണ്ടി കർഷകർ നേതൃത്വം കൊടുക്കുന്ന കർഷകരുടെ ഈ സംഘടനയിൽ ഭാരതത്തിലെ ഒരു കോടി കർഷകർ അംഗങ്ങളാണ്. സ്വന്തം നിയമാവലിയനുസരിച്ച് ഒരു രാഷ്ട്രീയപാർട്ടിയുടേയും പോഷകസംഘടനയല്ലാതെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും എല്ലാ ജില്ലകളിലും ഒട്ടുമിക്ക ഗ്രാമങ്ങളിലും ബി.കെ.എസ് പ്രവർത്തിക്കുന്നു. കേരളത്തിലും കർഷകസമൂഹത്തിന്റെ ആശയും ആവേശവുമായി ഭാരതീയ കിസാൻ സംഘ് മാറിക്കഴിഞ്ഞിരിക്കുന്നു.



कृषि मित कृषस्व

ഭാരതീയ കാർഷികദർശനത്തിന്റെ അടിസ്ഥാനത്തിലും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായത്തോടെയും രാഷ്ട്രത്തിന്റെ കാർഷിക അടിത്തറയെ ശക്തിപ്പെടുത്താനും കർഷകന്റെ ക്ഷേമം ഉറപ്പുവരുത്താനും ഭാരതീയ കിസാൻ സംഘ് പ്രതിജ്ഞാബദ്ധമാണ്. അതിനായി സംഘടനാത്മകം, രചനാത്മകം, സമരാത്മകം എന്നീ മൂന്നു തലങ്ങളിലൂടെയുള്ള പ്രവർത്തനപദ്ധതിയാണ് ബി.കെ.എസ്. ആവിഷ്കരിച്ചിട്ടുള്ളത്.

ജനാധിപത്യരീതിയിൽ രാജ്യവ്യാപകമായി മൂന്നു വർഷത്തെ കാലാവധിയിൽ അംഗങ്ങളെ ചേർത്തുകൊണ്ട് ഗ്രാമതലം മുതൽ അഖിലേന്ത്യാ തലം വരെ കമ്മറ്റികൾ തെരഞ്ഞെടുക്കപ്പെടുന്നു. അത്തരം സംഘടനാസംവിധാനത്തിലൂടെ ഭാരതത്തിലെ എല്ലാ കാർഷിക പ്രശ്നങ്ങളിലും ഇടപെടാനുള്ള ശക്തി സംഘടന പ്രാപ്തമാക്കിയിട്ടുണ്ട്. ദേശീയബോധവും പൗരബോധവും കർഷകരിൽ ഊട്ടിയുറപ്പിക്കാൻ ബി.കെ.എസ്. പരിശ്രമിക്കുന്നു.



कृषि मित कृषस्व

പരിസ്ഥിതി, കർഷകൻ, ഉപഭോക്താവ് എന്നീ മൂന്നു സുപ്രധാന വിഭാഗങ്ങളുടെ സുസ്ഥിരതയും സമൃദ്ധിയും സംതൃപ്തിയും ഉറപ്പുവരുത്തുന്നതിന് രചനാത്മക പദ്ധതികൾ ബി.കെ.എസ് നടപ്പിലാക്കുന്നു. രാജ്യത്തു സംഭവിക്കുന്ന എല്ലാ കാർഷിക പ്രശ്നങ്ങളേയും ദൈനംദിനം പഠിക്കുകയും അതിന്റെ പരിഹാര മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നു. അതിനായി കൃഷിയിട സന്ദർശനങ്ങൾ, നൂതന കാർഷികവിളകളേയും രീതികളേയും പറ്റിയുള്ള സെമിനാറുകൾ, വിപണി മാറ്റങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയെപ്പറ്റി കർഷകർക്ക് അവബോധം നൽകുന്നതിനുള്ള പഠനക്ലാസ്സുകൾ മുതലായവ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.







കൃഷി ശാസ്ത്രജ്ഞർ, സാമ്പത്തിക വിദഗ്ദ്ധർ, പരിസ്ഥിതി പ്രവർത്തകർ, പ്രമുഖ കർഷകർ, കാർഷികമേഖലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, തൊഴിലാളി നേതാക്കൾ എന്നിവരടങ്ങുന്ന ഉപദേശക സമിതികൾ, അഖിലഭാരത തലത്തിലും സംസ്ഥാന തലത്തിലും പ്രവർത്തിക്കുന്നു.



कृषि मित कृषस्व

ബി.കെ.എസിന്റെ ഭാരതീയ അഗ്രോ ഇക്കണോമിക് സെന്റർ എന്ന കാർഷിക ഗവേഷണ സ്ഥാപനം ദേശവ്യാപകമായി പ്രവർത്തിക്കുന്നുണ്ട്. നവീന കൃഷിരീതികൾ, യന്ത്രവൽക്കരണം, ഇൻഫർമേഷൻ ടെക്നോളജി എന്നിവ കർഷകരിൽ എത്തിച്ചു നൽകുന്നതിനായി പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.









ജനറ്റിക് എഞ്ചിനിയറിംഗ്, ഇറക്കുമതി, കയറ്റുമതി, കൃഷിയെ സംബന്ധിച്ച് സംസ്ഥാന, കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന നിയമങ്ങൾ, നയങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നൽകുന്നു.






कृषि मित कृषस्व

ശുദ്ധമായ മണ്ണും ജലവും വായുവും ജീവന്റെ നിലനിൽപ്പിനും കൃഷിയുടേയും കർഷകന്റേയും സുഗമമായ പ്രവർത്തനത്തിനും അനിവാര്യമാണ്. ആഗോളതാപനം തടയൽ, കാർബൺ വിമുക്ത അന്തരീക്ഷം എന്നിവയ്ക്കായി വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. രാസകീടനാശിനികളുടെ ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുന്നു. ഊർജ്ജ പ്രതിസന്ധിക്ക് ബദൽ നിർദ്ദേശിക്കുന്നു. കന്നുകാലി സംവർദ്ധനത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നു. ഗോ ആധാരിത കൃഷിയിലൂടെ സമാജ സമൃദ്ധി ലക്ഷ്യം വെയ്ക്കുന്നു.






ഭക്ഷ്യസുരക്ഷ രാജ്യസുരക്ഷയെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന വിഷയമായതിനാൽ കർഷകനേയും രാഷ്ട്രസേവകനായി പരിഗണിക്കണമെന്ന് ബി.കെ.എസ്. ആവശ്യപ്പെടുന്നു. ജനങ്ങളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ശുദ്ധമായ ആഹാരപദാർത്ഥങ്ങൾ ആവശ്യമാണെന്നറിഞ്ഞ് ജൈവകൃഷിയെപ്രോത്സാഹിപ്പിക്കുന്നു. ഭക്ഷ്യവിഭവങ്ങളിലെ എല്ലാത്തരം മായം ചേർക്കലുകളേയും നിരാകരിക്കുന്നു.






कृषि मित कृषस्व

കാർഷിക ഉൽപന്നങ്ങൾക്ക് **MRP** യോ **MSP** യോ അല്ല, മറിച്ച് ഉൽപാദനച്ചിലവിന് അനുസൃതമായ ലാഭദായക വില **(Remunerative Price)** ലഭിക്കുന്നതിനായി പരിശ്രമിക്കുന്നു. കാർഷിക വൃത്തി സഹകരണത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയായതിനാൽ സഹകരണ സംരംഭങ്ങളുടെ ശൃഖല സൃഷ്ടിക്കുവാൻ **(FPO, Co.op societies)** ശ്രമിക്കുന്നു.




കൃഷി ഏറ്റവും മുഖ്യമായ ജീവിത ഉപാധിയായ ഭാരതത്തിൽ കൃഷിക്കു മാത്രമായി പ്രത്യേക ബജറ്റ് വേണമെന്ന് ബി.കെ.എസ്. ആവശ്യപ്പെടുന്നു. ഭാരതീയ കിസാൻ സംഘിന്റെ പ്രവർത്തനങ്ങളെ ഏകീകരിക്കുവാൻ ഡൽഹിയിൽ അഖില ഭാരതീയ കാര്യാലയവും സംസ്ഥാനങ്ങളിൽ ആധുനിക വിവരസാങ്കേതിക മാധ്യമങ്ങൾ അടക്കം കൈകാര്യം ചെയ്യുവാൻ കഴിവുള്ള സ്വന്തമായ ഓഫീസ് സംവിധാനങ്ങളും നിലവിലുണ്ട്.







कृषि मित कृषस्व

കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന, ഭക്ഷണത്തിനോ അസംസ്കൃത വസ്തുക്കൾക്കോ വേണ്ടി ജീവജാലങ്ങളെ വളർത്തുന്ന ഒരു വ്യക്തിയാണ് കർഷകൻ എന്ന മൗലികമായ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം കൃഷികളേയും ഭാരതീയ കിസാൻ സംഘ് പ്രോത്സാഹിപ്പിക്കുന്നു. അതിനായി **എല്ലാ ഇടവും കൃഷിയിടം, എല്ലാവരും കർഷകർ** എന്ന ആശയം മുന്നോട്ടു വയ്ക്കുന്നു.








കാലാവസ്ഥാ വ്യതിയാനം, വന്യജീവികളുടെ ആക്രമണം, ഉൽപന്നങ്ങൾക്ക് ലാഭകരമായ വില ലഭിക്കായ്ക, പൊതുസമൂഹത്തിന്റെ കർഷകരോടുള്ള അവജ്ഞ, അമിതമായ കൂലിച്ചിലവ്, ഉൽപ്പാദനോപാധികളുടെ വിലവർദ്ധന, കൃഷിയിടങ്ങളുടെ തരം മാറ്റൽ, കർഷകരുടെ അസംഘടിതാവസ്ഥ എന്നിങ്ങനെ പല പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ച് കൃഷി ചെയ്യുകയും നിത്യദുരിതത്തിൽ ആണ്ടുപോവുകയും ചെയ്യുന്ന കർഷകരുടെ അവകാശപ്പോരാട്ടങ്ങൾക്ക് ഭാരതീയ കിസാൻ സംഘ് നേതൃത്വം കൊടുക്കുന്നു.



कृषि मित कृषस्व

അത്തരം സമരപരമ്പരകളിലൂടെ ഭരണകൂടങ്ങളുടെ കാർഷിക വിമുഖതയെ മറികടക്കാൻ ബി.കെ.എസ്. കർഷകരെ പ്രാപ്തരാക്കിക്കൊണ്ടിരിക്കുന്നു.







2023 ഡിസംബർ 15 ന് തിരുവനന്തപുരത്തു നടന്ന കർഷക അവകാശ പ്രഖ്യാപന റാലിയിൽ ആയിരക്കണക്കിന് കർഷകർ അണിചേർന്നു.

- അറുപതു വയസ്സു കഴിഞ്ഞ അർഹരായ എല്ലാ കർഷകർക്കും പ്രതിമാസം 25000 രൂപ വീതം പെൻഷൻ അനുവദിക്കുക.
- കേരളത്തിൽ സമഗ്രമായ കർഷക/കാർഷിക സെൻസസ് ഉടൻ നടത്തി കാർഷിക ധവളപത്രം പുറപ്പെടുവിക്കുക.
- കാർഷിക ഉൽപന്നങ്ങൾക്ക് ഉൽപാദനച്ചിലവിന് അനുസൃതമായ ലാഭദായക വില (Remunerative Price) ഉറപ്പാക്കുക.
- ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ കാർഷിക മേഖലയുമായി ബന്ധിപ്പിക്കുക.
- വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് കർഷകനേയും കാർഷികവിളകളേയും രക്ഷിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുക

कृषि मित कृषस्व

തുടങ്ങിയ നൂറോളം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള റാലി കേരള കർഷകരുടെ ആത്മാഭിമാനത്തെ വിളിച്ചുണർത്തുന്നതിൽ വലിയ പങ്കുവഹിച്ചു. കർഷകർക്കു നേരെയുള്ള എല്ലാത്തരം കടന്നുകയറ്റങ്ങളേയും സർക്കാരുകളുടെ കർഷകവിരുദ്ധ നിലപാടുകളേയും പ്രതിരോധിക്കാൻ ഭാരതീയ കിസാൻ സംഘ് സജ്ജമാണ്.











कृषि मित कृषस्व



SCAN & PAY

UPI ID: bharatiyakissan@sbi

STATE BANK OF INDIA

| | | |
|---|---|---|
| Branch | : | Civil Station Palakkad |
| Branch Code | : | 4925 |
| IFSC | : | SBIN0004925 |
| MICR | : | 678002004 |
| Account No | : | 42185046463 |

Phone No : 94004 33044




# BHARATIYA KISAN SANGH

Karshaka bhavan, kenathuparambu, Pin : 678013, Palghat, Kerala

bksind2018@gmail.com 949 555 8777